നേതൃത്വത്തിലും അവിടെ സമരം നടന്നു. ഉദ്യോഗസ്ഥന്മാരുടെ അനാസ്ഥ ഒരു വശത്ത്. കനാലുകൾ നന്നാക്കുന്നില്ല എന്നുള്ള സ്ഥിതി മറ്റൊരു വശത്ത്. അവിടെ വന്ന് പരിശോധന നടത്തിയാൽ കൃഷി മുഴുവനും നശിച്ച് ഉണങ്ങിയത് കാണാം. കനാലുകളിൽ വെള്ളം ഇല്ല. ഗുരുതരമായ സ്ഥിതി വിശേഷമാണുള്ളത്. ജില്ലാ കളക്ടർ ഒരു പ്രാവശ്യം യോഗം വിളിച്ചു. യാതൊരു നടപടിയും ഉണ്ടായിട്ടില്ല. എനിക്ക് ബഹുമാന്യനായ മന്ത്രിയോടഭ്യർത്ഥിക്കാനുള്ളത് ആ പ്രദേശത്തെയാകെ നാലഞ്ച് നിയോജകമണ്ഡലങ്ങളിലെ കൃഷിക്കാർ വലിയ സമരത്തിന്റെ മാർഗത്തിലാണ്. സമരംകൊണ്ട് മാത്രം പ്രശ്നം പരിഹരിക്കാൻ ഒക്കില്ല. അടിയന്തിരമായി ജില്ലാ കളക്ടർക്ക് നിർദ്ദേശം കൊടുത്ത് ഇറിഗേഷൻ വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരെ സ്ഥലത്ത് പറഞ്ഞുവിട്ട് യുദ്ധകാലാടിസ്ഥാനത്തിൽ കനാലുകൾ മെയിന്റയിൻ ചെയ്ത് വെള്ളം കൊടുത്തില്ലെങ്കിൽ വലിയ ദുരന്തവും പ്രക്ഷോഭവും ഉണ്ടാകും. ജനങ്ങൾ തമ്മിൽ കലഹിച്ച് ഉദ്യോഗസ്ഥന്മാരെ തടഞ്ഞു വയ്ക്കുന്നതിനും മറ്റു പ്രശ്നങ്ങളിലേക്കും പോകും. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി അടിയന്തിരമായി ഇക്കാര്യത്തിൽ സാധാരണ മറുപടി പറയുംപോലെ അല്ലെങ്കിൽ നടപടി സ്വീകരിക്കാം എന്നുള്ള മറുപടി പറയാതെ അടിയന്തിരമായി രണ്ടു ദിവസത്തിനുള്ളിൽ വെള്ളം എത്തിക്കാനാവശ്യമായ നിർദ്ദേശം ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്ക് നൽകി ആ പ്രദേശത്തെ കൃഷിക്കാരെ സഹായിക്കണം എന്ന് വിനയപൂർവം അഭ്യർത്ഥിക്കുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) : സർ, പെരിയാർവാലി ഇറിഗേഷൻ പ്രോജക്ടിന്റെ കീഴിലുള്ള വാളകം, മുളവൂർ എന്നീ ബ്രാഞ്ചു കനാലുകളിൽ ടേൺ സിസ്റ്റം അനുസരിച്ചാണ് ഇപ്പോൾ വെള്ളം തുറന്നു വിടുന്നത്. കഴിഞ്ഞ രണ്ടുമാസമായി ഇടമലയാർ ജലവൈദ്യുതി പദ്ധതിയിൽ നിന്ന് ഭൂതത്താൻകെട്ട് ജലസംഭരണിയിൽ വേണ്ടത്ര ജലം ലഭിക്കാത്തതുകൊണ്ടും കനാലുകളിലെ ചോർച്ചമൂലവും പ്രസ്തുത കനാലുകളുടെ അവസാനഭാഗംവരെ വെള്ളം എത്തിക്കുവാൻ കഴിഞ്ഞിരുന്നില്ല. എന്നാൽ കഴിഞ്ഞ രണ്ടു ദിവസമായി ജലസംഭരണിയിലെ ജലനിരപ്പ് ഉയർന്നതുകൊണ്ട് കനാലുകളിൽ കൂടുതൽ വെള്ളം ലഭിക്കുന്നുണ്ട്. ഈ തോതിൽ ഇടമലയാർ ജലവൈദ്യുതി പദ്ധതിയിൽ നിന്ന് ഭൂതത്താൻകെട്ട് ബാരേജിലേക്ക് ജലം ലഭിച്ചാൽ മേൽപ്പറഞ്ഞ കനാലുകളിലൂടെ ആവശ്യമായ ജലം വാളകം, പായിപ്ര പഞ്ചായത്തുകളിലേക്ക് എത്തിക്കുവാൻ കഴിയുന്നതാണ്. അതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കാൻ ഉദ്യോഗസ്ഥന്മാർക്ക് നിർദേശം കൊടുക്കുന്നതാണ്.

(17) നിലമ്പൂർ നിയോജക മണ്ഡലത്തിൽ പുതുതായി രൂപീകരിച്ച ചോക്കാട്, പോത്തുകൽ എന്നീ പഞ്ചായത്തുകളിലെ വികസനപ്രവർത്തനങ്ങൾ

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, എന്റെ നിയോജക മണ്ഡലത്തിൽ പുതിയതായി രൂപീകരിച്ച ചോക്കാട്, പോത്തുകൽ എന്നീ പഞ്ചായത്തുകൾ നിലവിൽ വന്നിട്ട് ഒരു കൊല്ലമായി. ഇപ്പോൾ ഒരു കൊല്ലമായി ഓർഡർ വന്നിട്ട്. പഞ്ചായത്ത് തെരഞ്ഞെടുപ്പും കഴിഞ്ഞു പഞ്ചായത്ത് ബോർഡും വന്നു. പക്ഷേ ഇതുവരെ ഈ രണ്ട് പഞ്ചായത്തിനും പ്രവർത്തിക്കാനുള്ള പണം അലോട്ടു

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തു കിട്ടിയിട്ടില്ല. ചോക്കാടും കൂത്തുകല്ലും പഞ്ചായത്തുകൾ തെരഞ്ഞെടുക്കപ്പെട്ടു. ഇവ പ്രസിഡന്റും മെമ്പറുമായി. എങ്കിലും അവർക്ക് ഒരു കാര്യവും ചെയ്യാൻ കഴിയുന്നില്ല. സ്റ്റാഫില്ല. അതൊരു കാര്യമാണ്. രണ്ടാമത് പണമില്ല. പല പ്രോജക്ടുകളുമുണ്ട്.ആ പ്രോജക്ടുകൾ ആരു ചെയ്യണം. എന്ത് ചെയ്യണം
11A.M] എന്നുള്ള ഒരു വ്യവസ്ഥയുമില്ല. മാത്രമല്ല, റിക്കാർഡ്സിന്റെ ട്രാൻസ്ഫർ വരെ ഇതുവരെ നടന്നിട്ടില്ല. റിക്കാർഡ്സ് ട്രാൻസ്ഫർപോലും ഒരു കൊല്ലക്കാലമായി നടത്താൻ കഴിഞ്ഞിട്ടില്ല. ഒരു സർട്ടിഫിക്കറ്റിനുവേണ്ടി ജനങ്ങൾ വന്നാൽ അതുപോലും കൊടുക്കാൻ കഴിയാത്ത ഒരു സാഹചര്യമാണ്. എന്റെ നിയോജകമണ്ഡലത്തിലുള്ള പോത്തുകലും ചോക്കാടും മാത്രമല്ല, മലബാർ ജില്ലയിലുണ്ടാക്കിയ പുതിയ പഞ്ചായത്തുകളിലെല്ലാം സ്ഥിതി ഇതാണ്. അദ്ദേഹം കുറെ കാര്യങ്ങൾ ചെയ്തിട്ടുണ്ട്. ചെയ്തിട്ടില്ല എന്നൊന്നും ഞാൻ പറയുന്നില്ല. ഒന്നും പൂർത്തിയായിട്ടില്ല. അതുകൊണ്ട് അടിയന്തിരമായി ഈ പ്രശ്നം പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദ് കുട്ടി) : സർ, പഞ്ചായത്തുകളുടെ ജനസംഖ്യ, വിസ്തൃതി, എന്നിവ പരിഗണിച്ച് കേരളത്തിൽ 20 പഞ്ചായത്തുകൾ വിഭജിക്കുന്നതിന്റെ ഭാഗമായി നിലമ്പൂർ നിയോജകമണ്ഡലത്തിലെ എടക്കര, ചുങ്കത്തറ പഞ്ചായത്തുകളുടെ ഭാഗങ്ങൾ ഉൾക്കാള്ളിച്ച് പൂത്തുകൽ പഞ്ചായത്തും കാളികാവ് പഞ്ചായത്തും വിഭജിച്ച് ചോക്കാട് പഞ്ചായത്ത് 2000 ഒക്ടോബർ ഒന്നുമുതൽ നിലവിൽ വന്നു. പുതിയ പഞ്ചായത്തുകൾ എന്ന നിലയിൽ ഈ പഞ്ചായത്തുകളുടെ പ്രവർത്തനത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ മുഴുവനും സജ്ജമാക്കിയിട്ടില്ല. പ്രാരംഭ പ്രവർത്തനങ്ങൾക്കായി പൂത്തുകൽ പഞ്ചായത്തിന് ഒരു ലക്ഷത്തി മുപ്പതിനായിരം രൂപയും ചോക്കാട് പഞ്ചായത്തിന് 50,000 രൂപയും മാതൃപഞ്ചായത്തുകൾ നൽകിയിട്ടുണ്ട്. അത്യാവശ്യം വേണ്ട ജീവനക്കാരെ നിയമിച്ചിട്ടുണ്ടെങ്കിലും ചിലർ ജോലിയിൽ കയറാത്ത പ്രശ്നമുണ്ടായിട്ടുണ്ട്. ഈ വർഷത്തെ പദ്ധതി നിർവ്വഹണം മാതൃ പഞ്ചായത്ത് തയ്യാറാക്കിയിട്ടുള്ള പദ്ധതി രേഖപ്രകാരം അതതു നിർവ്വഹണ ഉദ്യോഗസ്ഥന്മാർ മുഖേന തന്നെ നടത്തുമെന്നതിനാൽ പദ്ധതി പ്രവർത്തനങ്ങൾക്ക് തടസമുണ്ടാകുന്നില്ല. ദൈനംദിന പ്രവർത്തനങ്ങൾക്ക് അനുഭവപ്പെടുന്ന വിഷമതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. റിക്കാർഡുകൾ കൈമാറുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്.

മി. സ്പീക്കർ : ശ്രീ. ജോൺ ഫെർണാണ്ടസിന്റെയും ശ്രീ. എം. മുരളിയുടെയും സബ്മിഷന് മറുപടി പറയാൻ മന്ത്രിയില്ല. മന്ത്രിയില്ലാതെ ഉന്നയിക്കുന്നത് അനൗചിത്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly